# കേരള സംസ്ഥാന സഹകരണ തെരഞ്ഞെടുപ്പ് കമ്മീഷൻ

നം. ഇ(2)2943/2023/എസ്.സി.ഇ.സി    തീയതി:26.05.2023

## സംസ്ഥാന സഹകരണ മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണർ പുറപ്പെടുവിക്കുന്ന സർക്കുലർ

### സർക്കുലർ നമ്പർ.1/2023

വിഷയം:- സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുപ്പ്- അപേക്ഷ സമർപ്പിക്കൽ- മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത്-സംബന്ധിച്ച്

സൂചന:- 07.08.2014 തീയതിയിൽ പുറപ്പെടുവിച്ച സർക്കുലർ നം. 05/201

ഇന്ത്യൻ ഭരണഘടന ആർട്ടിക്കിൾ 243 ZK പ്രകാരവും 1969-ലെ കേരള സഹകരണസംഘം ആക്ട് 28ബി പ്രകാരവും കേരളത്തിലെ എല്ലാ സഹകരണ സംഘങ്ങളുടെയും ഭരണസമിതി തെരഞ്ഞെടുപ്പ്, പ്രസിഡന്റ്/വൈസ് പ്രസിഡന്റ് തെരഞ്ഞെടുപ്പ്, പ്രാതിനിധ്യസഭ തെരഞ്ഞെടുപ്പ് കൂടാതെ മേൽ നടപടിക്രമങ്ങളുടെ പരിശോധന നടത്തുന്നതിനും നിർദ്ദേശങ്ങൾ നൽകുന്നതിനും നിയന്ത്രിക്കുന്നതിനുമായി സംസ്ഥാന സഹകരണ തെരഞ്ഞെടുപ്പ് കമ്മീഷൻ രൂപീകരിച്ചിട്ടുണ്ട്.സംസ്ഥാനത്തെ എല്ലാ സഹകരണ സ്ഥാപനങ്ങളിലെയും സമ്മതിദാനവകാശ പട്ടികകളുടെ തയ്യാറാക്കൽ, ഭരണസമിതി തെരഞ്ഞെടുപ്പ്, പ്രസിഡന്റ്/വൈസ് പ്രസിഡന്റ് തെരഞ്ഞെടുപ്പ് ഉൾപ്പെടെ എല്ലാ തെരഞ്ഞെടുപ്പുകളുടെയും നടത്തിപ്പിന്മേൽ പരിശോധന നടത്തുന്നതിനും മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നതിനും നിയന്ത്രിക്കുന്നതിനുമുള്ള അധികാരം സംസ്ഥാന സഹകരണ തെരഞ്ഞെടുപ്പ് കമ്മീഷനിൽ നിക്ഷിപ്തമായിട്ടുള്ളതിനാൽ സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ടുള്ള അപേക്ഷകൾ സമർപ്പിക്കുന്നത് സംബന്ധിച്ച് സൂചന പ്രകാരം മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. സഹകരണ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സഹകരണസംഘങ്ങളുടെ ഭരണസമിതി തെരഞ്ഞെടുപ്പ് അപേക്ഷ സമർപ്പിക്കുന്ന നടപടികൾ നിലവിൽ C-Dit വികസിപ്പിച്ച OEMS വെബ് ആപ്ലിക്കേഷൻ മുഖാന്തിരവും ഡയറി, ഫിഷറീഷ്, ഇൻഡസ്ട്രീസ്, ഖാദി & വില്ലേജ് ഇൻഡസ്ട്രീസ്, ഹാന്റ് ലൂം, കയർ, കൃഷി, ടൂറിസം എന്നീ വകുപ്പുകളുടെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളുടെ തെരഞ്ഞെടുപ്പ് അപേക്ഷകൾ മാന്വൽ ആയിട്ടുമാണ് സമർപ്പിച്ച് വരുന്നത്. ഇപ്രകാരം സമർപ്പിക്കുന്ന അപേക്ഷകളിൽ വളരെയധികം ന്യൂനതകൾ വരുന്നതിനാൽ കമ്മീഷന് സുഗമമായും സമയബന്ധിതമായും ഇലക്ഷൻ വിജ്ഞാപനം പുറപ്പെടുവിക്കുവാൻ കഴിയാത്ത സാഹചര്യത്തിൽ ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. ഭരണസമിതി തെരഞ്ഞെടുപ്പ് സംബന്ധമായ അപേക്ഷ സമർപ്പിക്കുമ്പോൾ തെരഞ്ഞെടുക്കപ്പെടേണ്ട അംഗങ്ങളുടെ എണ്ണം, വിഭാഗം എന്നിവ

സംബന്ധിക്കുന്ന സംഘം നിയമാവലി ഓൺലൈൻ/നേരിട്ട് സമർപ്പിക്കേണ്ടതാണ്. തെരഞ്ഞെടുക്കപ്പെടേണ്ട അംഗങ്ങളുടെ എണ്ണം, വിഭാഗം എന്നിവ സംബന്ധിക്കുന്ന സംഘം നിയമാവലി ഭേദഗതി ചെയ്തിട്ടുണ്ടെങ്കിൽ ഭേദഗതി ഉത്തരവ് നിർബന്ധമായും അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്യപ്പെടേണ്ടതാണ്.

2. തെരഞ്ഞെടുക്കപ്പെടേണ്ട അംഗങ്ങളുടെ എണ്ണം, വിഭാഗം എന്നിവ സംബന്ധിക്കുന്ന സംഘം നിയമാവലിയിലെ പ്രസക്ത ഭാഗം ഏതാണെന്ന് അപേക്ഷയിൽ രേഖപ്പെടുത്തേണ്ടതാണ്.

3. വായ്പാ സംഘങ്ങൾ ഇലക്ഷൻ ഫീസിനത്തിൽ 2000/- രൂപയും, വായ്പായിതര സംഘങ്ങൾ ആണെങ്കിൽ 1000/- രൂപയും, ഫെഡറൽ സംഘമാണെങ്കിൽ 3000/- രൂപയും, അപ്പക്സ് സംഘമാണെങ്കിൽ 5000/- രൂപയും 0425-00-501-99-00 എന്ന ശീർഷകത്തിൽ ഒടുക്കിയ ചെലാൻ അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്യണം. സംഘം ഏതു വിഭാഗത്തിൽപ്പെടുന്നു എന്നത് സംബന്ധിച്ച തീരുമാനം Categorical Statement-ന്റെ അടിസ്ഥാനത്തിലായിരിക്കണം.

4. സഹകരണ നിയമം ചട്ടം 35(ഇ) പ്രകാരം ഇലക്ഷൻ ഫീസ് അടയ്ക്കുന്നതിൽ നിന്നും ഇളവ് ചെയ്തിട്ടുള്ള സംഘങ്ങൾ ടി ഇളവിന് അർഹരാണ് എന്ന പരിശോധനാ ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രം അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്യേണ്ടതാണ്.

5. കേരള സഹകരണ നിയമം വകുപ്പ് 28 പ്രകാരം ഭരണസമിതിയുടെ കാലാവധി തിരഞ്ഞെടുപ്പ് തീയതി മുതൽ 5 വർഷം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ചട്ടം 35എ(1) പ്രകാരം സംഘം ഭരണസമിതിയുടെ കാലാവധി അവസാനിക്കുന്നതിന് 60 ദിവസങ്ങൾക്ക് മുൻപെങ്കിലും പുതിയ ഭരണസമിതിയുടെ തെരഞ്ഞെടുപ്പ് തീയതി, സമയം, സ്ഥലം എന്നിവ തീരുമാനിച്ച് കൊണ്ട് എടുത്തിട്ടുള്ള നിശ്ചിത തീയതിയിലെ ഭരണസമിതി തീരുമാനം ബന്ധപ്പെട്ട ഉദ്യോഗസ്ഥർ മേൽ പരിശോധന നടത്തി അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്യേണ്ടതാണ്.

6. സംഘം ഭരണസമിതി തീരുമാന പ്രകാരം തെരഞ്ഞെടുപ്പ് നടത്തുന്നതിനുള്ള തീയതി, സമയം, സ്ഥലം എന്നിവ തെറ്റുകൂടാതെ അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുണ്ടോ എന്ന് മേൽ പരിശോധനാ ഉദ്യോഗസ്ഥർ ഉറപ്പ് വരുത്തേണ്ടതാണ്.

7. സംഘം തെരഞ്ഞെടുപ്പ് നടക്കുന്ന കെട്ടിടം/ഹാൾ സംഘത്തിന്റെ ഉടമസ്ഥതയിൽ അല്ലായെങ്കിൽ കെട്ടിടം/ഹാൾ അനുവദിച്ച് കൊണ്ടുള്ള ഉടമസ്ഥന്റെ സമ്മതപത്രം അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്യണം.

8. അപേക്ഷ കമ്മീഷന് സമർപ്പിക്കുന്നതിന് ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥൻ ആയവ കൃത്യമായ മേൽ പരിശോധന നടത്തേണ്ടതും ടി ചുമതല മറ്റ് ഉദ്യോഗസ്ഥർക്ക് കൈമാറി നൽകാൻ പാടില്ലാത്തതുമാണ്.

9. ഓൺലൈനായി സമർപ്പിക്കപ്പെടുന്ന അപേക്ഷകളിൽ ശുപാർശ ചെയ്യപ്പെടുന്ന വരണാധികാരികളുടെ തസ്തിക ക്രമമായി തെറ്റ് കൂടാതെ നിർബന്ധമായും മലയാളത്തിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

10. നിലവിലുള്ള ഭരണസമിതി ചാർജ്ജ് എടുത്ത തീയതി, കാലാവധി അവസാനിക്കുന്ന തീയതി എന്നിവ തെറ്റില്ലാതെ രേഖപ്പെടുത്തേണ്ടതാണ്.

11. ഭാരവാഹികളുടെ ആകസ്മിക ഒഴിവിലേക്കുള്ള തെരഞ്ഞെടുപ്പ് അപേക്ഷകൾ സഹകരണ നിയമം ചട്ടം 43(2) പ്രകാരം കൃത്യസമയം പാലിച്ചിരിക്കണം. ഇത്തരം ഒഴിവുകൾ ഉണ്ടായി 15 ദിവസത്തിനകം അപേക്ഷ കമ്മീഷനിൽ ലഭ്യമാക്കേണ്ടതാണ്.

12. ആകസ്മിക ഒഴിവ് കണക്കാക്കുന്നത് ഭാരവാഹികളുടെ രാജിയിൽ ഭരണസമിതി അംഗീകരിക്കുന്ന തീരുമാനതീയതിയും മരണപ്പെട്ട വ്യക്തിയുടെ കാര്യത്തിൽ ബന്ധപ്പെട്ട അധികാരികൾ നൽകുന്ന മരണസർട്ടിഫിക്കറ്റ് വിതരണം നടത്തിയ തീയതിയും ആയിരിക്കും.

13. പ്രസിഡന്റ്/വൈസ് പ്രസിഡന്റ് സ്ഥാനത്തേക്കുള്ള തെരഞ്ഞെടുപ്പ് മരണം മൂലമാണ് നടത്തപ്പെടുന്നതെങ്കിൽ ബന്ധപ്പെട്ട വ്യക്തികളുടെ മരണസർട്ടിഫിക്കറ്റിന്റെ ശരിപകർപ്പ് അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്യേണ്ടതാണ്.

14. പ്രസിഡന്റ്/വൈസ് പ്രസിഡന്റ് സ്ഥാനത്തേക്കുള്ള തെരഞ്ഞെടുപ്പ് നിലവിലുണ്ടായിരുന്ന പ്രസിഡന്റ്/വൈസ് പ്രസിഡന്റ് എന്നിവർ രാജിവെച്ചത് മൂലമാണ് നടത്തപ്പെടുന്നതെങ്കിൽ ബന്ധപ്പെട്ട വ്യക്തികളുടെ രാജി കത്തിന്റെ പകർപ്പ് പരിശോധനാ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്യേണ്ടതാണ്.

15. പ്രസിഡന്റ്/വൈസ് പ്രസിഡന്റ് തെരഞ്ഞെടുപ്പിനുള്ള അപേക്ഷയോടൊപ്പം പ്രിസൈഡിംഗ് ഓഫീസറുടെ തസ്തിക സംബന്ധമായ വിവരങ്ങൾ അപേക്ഷ സമർപ്പിക്കുന്ന ഉദ്യോഗസ്ഥൻ നിർബന്ധമായും ശുപാർശ ചെയ്യേണ്ടതാണ്.

16. ഇലക്ടറൽ ആഫീസർ, റിട്ടേണിംഗ് ആഫീസർ ചുമതലകൾ നിർവ്വഹിക്കുന്നതിന് നിയമിക്കപ്പെടേണ്ട ഉദ്യോഗസ്ഥരുടെ തസ്തിക ശുപാർശ ചെയ്യേണ്ടതാണ്. ടി തസ്തികയിൽ ചുമതല വഹിക്കുന്ന ഉദ്യോഗസ്ഥന്റെ പേര് രേഖപ്പെടുത്താൻ പാടില്ലാത്തതാണ്.

17. അവധി/സ്ഥലംമാറ്റം/അച്ചടക്കനടപടി എന്നിവ പ്രകാരം ചുമതല നിർവ്വഹിക്കുന്നതിന് സാധിക്കാതെ വന്നാൽ ടി തസ്തികയുടെ ചുമതല നിയന്ത്രണ ഉദ്യോഗസ്ഥൻ മറ്റൊരാൾക്ക് നൽകി ചുമതലാനിർവ്വഹണം നടത്തേണ്ടതാണ്. ഇത്തരം സന്ദർഭങ്ങളിൽ ഒരിക്കൽ നിയമിക്കപ്പെട്ട ഇലക്ടറൽ ആഫീസർ, റിട്ടേണിംഗ് ആഫീസർ, പ്രിസൈഡിംഗ് ആഫീസർ എന്നിവരെ മാറ്റി ഭേദഗതി ഉത്തരവുകൾ കമ്മീഷൻ നൽകുന്നതല്ല.

18. കേരള സഹകരണ നിയമം ചട്ടം 35(ബി)(എ) പ്രകാരം തെരഞ്ഞെടുപ്പ് ചുമതലകൾ നിർവ്വഹിക്കുന്നതിനായി കമ്മീഷൻ ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥർ ടി ചുമതലകൾ പൂർത്തിയാകുന്നതുവരെ ടി ചുമതലാകാര്യത്തിൽ കമ്മീഷന്റെ മേൽ നോട്ടത്തിലും, നിയന്ത്രണത്തിലും ആയിരിക്കുന്നതും അച്ചടക്ക ലംഘനം ഉണ്ടാകാൻ പാടില്ലാത്തതും വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്ക് എതിരെ കർശന നടപടികൾ സ്വീകരിക്കുന്നതിന് സർക്കാരിന് ശുപാർശ ചെയ്യുന്നതുമായിരിക്കും.

19. കേരളത്തിലെ എല്ലാ സഹകരണസംഘങ്ങളുടെയും ഭരണസമിതി/ഭാരവാഹികളുടെ തെരഞ്ഞെടുപ്പ് നടത്തുന്നതിന് 1969-ലെ കേരള സഹകരണ നിയമം വകുപ്പ് 28ബി, ചട്ടം 35ബി പ്രകാരം ചുമതലപ്പെടുത്തപ്പെട്ട കേരള സംസ്ഥാന സഹകരണ തെരഞ്ഞെടുപ്പ് കമ്മീഷൻ ടി ചുമതലാ നിർവ്വഹണം നടത്തുന്നതിന് നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥർ കേരള സഹകരണ നിയമം വകുപ്പ് 28, 28എ, 28എഎ, 28എബി, ചട്ടം 34എ, 35എ, 35ഡി, 43 എന്നിവ പാലിച്ച് ചുമതലാ നിർവ്വഹണം നടത്തേണ്ടതാണ്.

ടി നിർദ്ദേശങ്ങൾ പാലിക്കപ്പെടാതെ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്.

KERALA STATE CO-OPERATIVE ELECTION COMMISSION

ഒപ്പ്/-
വിജയകുമാർ റ്റി
മുഖ്യ സഹകരണ തെരഞ്ഞെടുപ്പ് കമ്മീഷണർ

കോ-ബാങ്ക് ടവർ, പാളയം, വികാസ് ഭവൻ പി.ഒ., തിരുവനന്തപുരം - 695 033
ഫോൺ:0471 2311114, 2311102 ഇമെയിൽ: keralascec@gmail.com